DESPATCHED
On 7/2/23

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
# തിരുവനന്തപുരം 695 001

ഫോൺ: 0471 2335199, ഫാക്സ്: 0471 2330920

E-mail: sic.ker@nic.in

ഹർജി നമ്പർ **AP. 1813*(2)/2020*/*എസ്.ഐ.സി.***

തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടി ക്രമം

(ഫയൽ നമ്പർ **9240**/*എസ്.ഐ.സി-ജി 6/20*)

സന്നിഹിതൻ

**ഡോ.കെ.എൽ.വിവേകാനന്ദൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ**

ശ്രീ.സതീഷ് വി.,
തളിയിൽ വീട്, വെള്ളംകൊല്ലി,
ചുണ്ടേൽ പി.ഒ., പിൻ – 673 123. } അപ്പീൽ ഹർജിക്കാരൻ

Vs

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ&
ഹെൽത്ത് ഇൻസ്പെക്ടർ,
കൽപ്പറ്റ നഗരസഭ, കൽപ്പറ്റ പി.ഒ.,
വയനാട് ജില്ല, പിൻ – 673 121.

2. അപ്പീൽ അധികാരി&
സെക്രട്ടറി,
കൽപ്പറ്റ നഗരസഭ, കൽപ്പറ്റ പി.ഒ.,
വയനാട് ജില്ല, പിൻ – 673 121.

} എതിർകക്ഷികൾ

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 06.02.2020 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | 17.03. 2020 |
| ഒന്നാം അപ്പീൽ അപേക്ഷാ തീയതി | 11.03. 2020 |
| ഒന്നാം അപ്പീൽ അപേക്ഷ തീർപ്പാക്കിയ തീയതി | 03.08.2020 |
| കമ്മീഷനിൽ അപ്പീൽ സമർപ്പിച്ച തീയതി | 14.09. 2020 |
| കമ്മീഷനിൽ അപ്പീൽ കൈപ്പറ്റിയ തീയതി | 18.09. 2020 |
| ഹിയറിംഗ് നടന്ന തീയതി | 16.12.2022, വീഡിയോ കോൺഫറൻസിംഗ് |
| ഹിയറിംഗിലെ സാന്നിദ്ധ്യം: അപ്പീൽ ഹർജിക്കാരൻ<br>എസ്.പി.ഐ.ഒ. | ഹാജരായിരുന്നു.<br>ഹാജരായിരുന്നു. |

## ഉത്തരവ്

അപ്പീൽ ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, ടിയാൻ ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയ്ക്കും തുടർന്ന്

സമർപ്പിച്ച ഒന്നാം അപ്പീലിനും ആവശ്യപ്പെട്ട വിവരം/രേഖകൾ ലഭ്യമാക്കിയി ല്ലെന്നാണ്.

2. അപ്പീൽ ഹർജിക്കാരൻ 06.02.2020ന് ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ആവശ്യപ്പെട്ടിരുന്നത്, കൽപ്പറ്റ നഗരസഭയിൽ ഉൾപ്പെടുന്ന ഹരിത കർമ്മസേനയെ സംബന്ധിച്ച ചില വിവരങ്ങളാണ്.ആയ തിന് 17.03.2020ന് മറുപടി നൽകിയതായി കാണുന്നു.

3. ടി മറുപടിയിൽ അതൃപ്തി രേഖപ്പെടുത്തി സമർപ്പിച്ച ഒന്നാം അപ്പീ ലിന് 03.08.2020ന് നൽകിയ മറുപടിയിൽ പ്രസ്താവിച്ചിരിക്കുന്നത്,

1) ഹരിതകർമ്മസേന ബൈലോ പേജൊന്നിന് 2/- രൂപ പ്രകാരം ആകെ 10 പേജിന് 20/രൂപ അടയ്ക്കുന്ന മുറയ്ക്ക് കോപ്പി അനുവദിക്കുന്ന താണെന്നും

2) പേജൊന്നിന് 2/- രൂപ പ്രകാരം ആകെ 4/- രൂപ അടയ്ക്കുന്ന മുറയ്ക്ക് കോപ്പി അനുവദിക്കുന്നതാണെന്നും

3) ആകെ 25 പേജുണ്ടെന്നും 50/- രൂപ ഒടുക്കുന്ന മുറയ്ക്ക് മാർഗ്ഗ നിർദ്ദേശങ്ങളുടെ പകർപ്പ് അനുവദിക്കുന്നതാണെന്നും

4) നഗരസഭയിലെ സ്ഥിരം താമസക്കാരനാണെന്ന രേഖ വാങ്ങിയിട്ടി ല്ലെന്നും

5) ക്രമനമ്പർ 3ൽ പറയുന്ന അതേ മാർഗ്ഗ നിർദ്ദേശങ്ങളുടെ പകർപ്പാ ണെന്നുമാണ്.

4. രണ്ടാം എതിർകക്ഷി 03.03.2021ന് കമ്മീഷനിൽ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചിരിക്കുന്നത്, കോവിഡ് വ്യാപനം രൂക്ഷമായ സമ യത്ത് ആരോഗ്യ വിഭാഗം ജീവനക്കാർ പ്രതിരോധ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരുന്നതു മൂലം കൃത്യസമയത്ത് ടിയാന് മറുപടി നൽകാൻ കഴിഞ്ഞി ല്ലെന്നും ടി വിവരം അപ്പീൽ ഹർജിക്കാരനെ അറിയിച്ചിട്ടുണ്ടെന്നും മറുപടി ടിയാൻ കൈപ്പറ്റിയിട്ടുണ്ടെന്നുമാണ്.

ടി മറുപടിയിൽ തൃപ്തിയില്ലാതെ അപ്പീൽ സമർപ്പിച്ചിട്ടുള്ളതും ടിയാന് മറുപടി നൽകിയിട്ടുണ്ടെന്നുമാണ്. എന്നാൽ രേഖകളുടെ പകർപ്പ് നൽകുന്ന കാര്യത്തിൽ വന്ന കാലതാമസത്തിൽ സഹകരിക്കാതെ ബഹു.കമ്മീഷന് പരാതി നൽകുകയാണ് ഉണ്ടായതെന്നും നഗര സഭാ ഓഫീസ് മിക്കപ്പോഴും കൺടൈയിൻമെന്റ് സോണിൽ പെടുകയും ജീവനക്കാർ ക്വാറന്റയിനിൽ ആവുകയും ചെയ്ത സാഹചര്യത്തിൽ പ്രസ്തുത വിഷയം ടിയാനുമായി സംസാരിച്ചിട്ടുള്ളതും ഒരു പരിധിവരെ ടിയാൻ സഹകരിക്കുകയും ചെയ്തിട്ടുണ്ടെന്നാണ്.

സംസ്ഥാന വിവരാവകാശ കമ്മീഷന്റെ കത്ത് ലഭിച്ചതിനു ശേഷം ടിയാനെ നേരിൽ കണ്ട് സംഭവിച്ചുപോയ വീഴ്ച തുറന്നു പറഞ്ഞിട്ടുള്ളതും തയ്യാറാക്കിയ രേഖകളുടെ പകർപ്പ് ടിയാന് നൽകിയിട്ടുണ്ടെന്നുമാണ്. ടിയാൻ ഇക്കാര്യത്തിൽ സംതൃപ്തി അറിയിച്ചിട്ടുള്ളതും പരാതി പരിഹരിച്ചതായി അറിയിച്ചിട്ടുള്ളതുമാണെന്നാണ്.

5. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിലും ഇരുകക്ഷികളെയും കേട്ടതിലും ഹർജിക്കാരന് മറുപടി നൽകിയിട്ടുണ്ടെന്ന് ഒന്നാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചു. മൊഴിയും അനുബന്ധരേഖകളും പരിശോധിച്ചതിൽ, ഹർജിക്കാരന് വിവരങ്ങൾ നൽകിയതായി കാണുന്നതിനാൽ ഈ അപ്പീൽ ഹർജിയിന്മേലുള്ള തുടർ നടപടികൾ അവസാനിപ്പിച്ച് ഇന്നേദിവസം 2022 ഡിസംബർ 23-ാം തീയതി കമ്മീഷൻ തീർപ്പാക്കി ഉത്തരവാകുന്നു.

(ഒപ്പ്)
ഡോ.കെ.എൽ.വിവേകാനന്ദൻ
സംസ്ഥാന വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

ജോയിന്റ് സെക്രട്ടറി (ധനകാര്യം)
Ge/